(ബി) ബി.എ.

(സി) മട്ടാഞ്ചേരി സെൻട്രൽ ഡിസ്പ്പൻസറി അസ്സിസ്റ്റന്റ്—ബി.എ., ബി.എൽ.
തുരുത്തിവപേരൂർ സെൻട്രൽ ഡിസ്പ്പൻസറി അസ്സിസ്റ്റന്റ്—ബി.എ.

## BRIDGE CONNECTING ERNAKULAM AND VYPEEN

45. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) വൈപ്പീൻ കരയും എറണാകുളവും പാലങ്ങൾകൊണ്ടു് യോജിപ്പിക്കുവാനുണ്ടായ ആലോചന ഇപ്പോഴും നിലവിലുണ്ടോ;

(ബി) അതു അടുത്ത ഭാവിയിൽ നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്നുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) & (ബി) ഉവ്വ്.

## TRICHUR BUS-STAND—TICKETS—ISSUE OF

46. **Mr. M. K. Raja** *(Mulakunnathukavu)*: Will Government be pleased to state.—

(*a*) when was the system of selling tickets to the bus passengers in ticket booths introduced at the Trichur Bus Stand;

(*b*) what was the intention and purpose of Government in bringing in, this innovation in the old practice?

**Rao Bahadur T. K. Nayar** *(Minister for Public Health)*:

(*a*) In Vrischigam 1122.

(*b*) For public convenience.

## PERINGALKUTHU SCHEME—TILES—SUPPLY OF—EXPENDITURE REGARDGING

47. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) പെരിങ്ങൽകുത്തിലെ പണികൾക്ക് ആവശ്യമായ ഇഷ്ടിക അവിടെത്തന്നെ ഉണ്ടാക്കുകയാണോ;

(ബി) അവിടെ ഉണ്ടാക്കുകയാണെങ്കിൽ ൨,൦൦൦ ഇഷ്ടികക്ക് എത്ര ചിലവു വരുന്നുണ്ടു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) അല്ല. പരീക്ഷണാർത്ഥം കുറെ ഇഷ്ടികകൾ ഉണ്ടാക്കിനോക്കി. എന്നാൽ അതു നിറുത്തൽ ചെയ്തു.

(ബി) ഉദ്ദേശം ൫ രൂപ.

## NELLIAMPATHI GHAT ROAD AND ANAMALAIS ROAD

48. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി നൽകുമോ.—

നെല്ലിയാമ്പതി ഗാട്ടു് റോഡും ആനമല റോഡും തമ്മിൽ യോജിപ്പിക്കുന്നതിനു് ഉണ്ടായിരുന്ന ആലോചനയുടെ ഫലമെന്തായി?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഈ പണി തൽക്കാലം നീട്ടിവെച്ചിരിക്കുകയാണു്.

## St. GREGORY LOWER SECONDARY SCHOOL AT KUZHUPALLY

49. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി നൽകുമോ.—

(എ) കുഴുപ്പിള്ളിയിലെ സെന്റ് ഗ്രിഗറി ലോവർ സെക്കൻഡറി സ്കൂൾ ഒരു ഗേൾസ് ഹൈസ്കൂളായി ഉയർത്തുന്നതിനു അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിനു എന്തു മറുപടി നൽകി?



LIBRARY ARCHIVES Kerala Legislative Assembly